(5) വിദ്യാർത്ഥികളുടെയും സാധാരണ ജനങ്ങളുടെയും പുതിയ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും അവരുടെ കണ്ടുപിടുത്തങ്ങൾക്ക് ശാസ്ത്രീയമായ സ്ഥിരീകരണം ഉറപ്പുവരുത്താനും സംസ്ഥാനത്തെ ശാസ്ത്രസാങ്കേതിക സ്ഥാപനങ്ങളിലെയും സർവ്വകലാശാലകളിലെയും ഗവേഷണ സ്ഥാപനങ്ങളിലേയും സർവ്വകലാശാല കളിലെയും ലബോറട്ടറി സംവിധാനങ്ങൾ, ലൈബ്രറികൾ എന്നിവ ഉറന്നു കൊടുക്കുന്നതിന് ഉതകുംവിധം ഒരു നയരൂപീകരണത്തിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(6) തെങ്ങിൽനിന്നും നീര ഉത്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് 2015-16, 2016-17 ബഡ്ജറ്റിൽ തുക ഉൾപ്പെടുത്തിയത് കൗൺസിലിന്റെ പ്രവർത്തനഫലമായാണ്.

(സി) പരിഗണനയിലുണ്ട്.

മോട്ടോർ വാഹനനിയമത്തിലെ വ്യവസ്ഥകളും നിയന്ത്രണങ്ങളും

27 (*327) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. സി. മോയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിരത്തിൽ വാഹനമോടിക്കുന്നവർ നിലവിലെ മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകളും നിയന്ത്രണങ്ങളും പാലിക്കാൻ വൈമനസ്യം കാണിക്കുകയും അതുമൂലമുള്ള അപകടങ്ങളിൽ നിരപരാധികൾക്ക് ജീവഹാനിയുൾപ്പെടെ സംഭവിക്കുന്ന സ്ഥിതിവിശേഷം തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ പുതിയ ഏതെങ്കിലും പരിഹാര നടപടിയെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ അതെന്തെന്ന് വിശദീകരിക്കാമോ;

(ബി) നിയമങ്ങളും നിബന്ധനകളും നടപ്പാക്കണമെന്ന നിർദ്ദേശങ്ങൾ അവഗണിക്കപ്പെടുകയും അവ നടപ്പാക്കാൻ ശ്രമിക്കുന്ന ഉദ്യോഗസ്ഥരുടെ മേൽ സമ്മർദ്ദവും ഭീഷണിയും ഉണ്ടാവുകയും ചെയ്യുന്ന സാഹചര്യം നേരിടാൻ എന്തെങ്കിലും പരിഷ്കാരം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) കേരളത്തിൽ റോഡപകടങ്ങൾ കുറയ്ക്കുന്നതിനും, പൊതുജനങ്ങൾ റോഡ് ഗതാഗത നിയമങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമായി "ശുഭയാത്ര 2015" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്. ട്രാഫിക് നിയമങ്ങൾ കർശനമായി

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുക, ട്രാഫിക് പ്രവൃത്തികൾ ചെയ്യുക, ട്രാഫിക് ബോധവൽക്കരണം നടത്തുക എന്നീ കാര്യങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നു. സുരക്ഷിതമായ റോഡ് യാത്ര ഉറപ്പാക്കിക്കൊണ്ട് സംസ്ഥാനത്തെ റോഡുകൾ അപകടരഹിതമാക്കുക എന്നുള്ളതാണ് ഈ പദ്ധതികൊണ്ട് മുഖ്യമായും ഉദ്ദേശിക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ട്രാഫിക് സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇരുചക്രമുൾപ്പെടെയുള്ള വാഹനങ്ങൾ ഓടിക്കുന്നവർ അവശ്യം അറിഞ്ഞിരിക്കേണ്ടതും പാലിക്കേണ്ടതുമായ നിയമങ്ങളേയും വസ്തുതകളേയും കുറിച്ച് ഇവരെ ബോധവത്ക്കരിക്കുന്നതിനായി സംസ്ഥാന പോലീസ് മേധാവി ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഇത്തരത്തിലുള്ള സാഹചര്യം നേരിടാനുള്ള പരിഷ്കാരങ്ങൾ നടപ്പാക്കുന്നുണ്ട്. ഈ വഴിക്കുള്ള ഒരു പുതിയ കാൽവയ്പായി ചേർത്തല-മണ്ണുത്തി, മണ്ണുത്തി-മഞ്ചേശ്വരം നാഷണൽ ഹൈവേയിലും തൃശ്ശൂർ, പാലക്കാട്, കണ്ണൂർ ജില്ലകളിലുമായി 201 നിരീക്ഷണ ക്യാമറാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിയമലംഘകരെ ക്യാമറ സംവിധാനത്തിലൂടെ കണ്ടെത്തി അവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയാണ് ഈ സംവിധാനത്തിലൂടെ ചെയ്യുവരുന്നത്. 'തേർഡ് ഐ' എന്ന സംവിധാനത്തിലൂടെ കുറ്റകൃത്യങ്ങൾ ക്യാമറയിൽ പകർത്തി തെളിവായി സ്വീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ഈ രീതിയിൽ തെളിവുകൾ സഹിതം കുറ്റകൃത്യങ്ങൾ രേഖപ്പെടുത്തുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നതുമൂലം ഉദ്യോഗസ്ഥരുടെമേലുള്ള സമ്മർദ്ദവും ഭീഷണിയും ഒഴിവാക്കുന്നതാണ്.

സ്വകാര്യ ഭൂമിയിൽ മരം വച്ചുപിടിപ്പിക്കുന്ന പദ്ധതി

28 (*328) ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിൽ മരം വച്ചുപിടിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly